● അബ്ദുല്‍ അസീസ് അന്‍സാരി പൊന്മുണ്ടം

# അവസാനത്തെ വസ്വിയ്യത്തും വേര്‍പാടും

**മരണത്തിന്** ഏതാനും സമയം മാത്രം ബാക്കി. അനുയായികളെ വിളിച്ചുവരുത്തി നബി(സ) ശക്തമായ സ്വരത്തില്‍ പറഞ്ഞു: 'നമസ്കാരത്തിന്റെ കാര്യത്തില്‍ ജാഗ്രത... നമസ്കാരത്തിന്റെ കാര്യത്തില്‍ ജാഗ്രത... നമസ്കാരത്തിന്റെ കാര്യത്തില്‍ ജാഗ്രത... നിങ്ങളുടെ അധീനതയിലുള്ളവരുടെ കാര്യത്തിലും' (ഇബ്നുമാജ). അനസ്(റ) പറയുന്നു: 'ഇതായിരുന്നു പ്രവാചകന്‍ അവസാനമായി ഞങ്ങള്‍ക്ക് നല്‍കിയ വസ്വിയ്യത്ത്.'

മരണ വേദനക്കിടയിലും താന്‍ വിട്ടേച്ച് പോകുന്ന സമൂഹത്തെ കുറിച്ചായിരുന്നു നബി(സ)യുടെ ഉത്കണ്ഠ. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളില്‍ പ്രധാനമായ നമസ്കാരത്തെക്കുറിച്ചും സാമൂഹിക ജീവിതത്തില്‍ തന്റെ സമസൃഷ്ടികളോടും തന്റെ കീഴിലുള്ളവരോടും എങ്ങനെ വര്‍ത്തിക്കണം എന്നതിനെ സംബന്ധിച്ചുമായിരുന്നു പ്രവാചകന് അവസാനമായി ഉപദേശിക്കാനുണ്ടായിരുന്നത്.

ഒരു മനുഷ്യനില്‍ ഇസ്‌ലാം അവശേഷിക്കുന്നതിന്റെ ആദ്യത്തെയും അവസാനത്തെയും അടയാളമാണ് നമസ്കാരം. ദീന്‍ താങ്ങിനിര്‍ത്തുന്ന പഞ്ച സ്തംഭങ്ങളില്‍ സുപ്രധാനമായത് നമസ്കാരമാണെന്നും അതിനെ നിലനിര്‍ത്തിയവന്‍ ദീന്‍ നിലനിര്‍ത്തിയെന്നും, അതു പാഴാക്കിയവന്‍ ദീനിനെ തകര്‍ത്തുവെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. എന്നല്ല, ഒരു വിശ്വാസിക്കും സത്യനിഷേധിക്കും ഇടയിലുള്ള വ്യത്യാസം നമസ്കാരമാണെന്ന് ഹദീസുകളില്‍ കാണാം (മുസ്‌ലിം, തിര്‍മുദി). സത്യവിശ്വാസത്തിന്റെ പ്രഥമ നിദര്‍ശനമായും വിശ്വാസികളുടെ സ്വഭാവമായും സ്വര്‍ഗത്തിനുള്ള ഈടുവെപ്പായും ഖുര്‍ആന്‍ വിശേഷിപ്പിച്ചത് നമസ്കാരത്തിലെ ശുഷ്കാന്തിയാണ്.

പ്രയാസങ്ങളിലും പ്രതിസന്ധി ഘട്ടങ്ങളിലും പിടിച്ചു നില്‍ക്കാനും കല്ലും മുള്ളും നിറഞ്ഞ ജീവിത വഴികളില്‍ പ്രതീക്ഷ കൈവിടാതെ മുന്നോട്ടു ഗമിക്കാനും ഇസ്‌ലാമിക പ്രവര്‍ത്തകര്‍ക്ക് ശക്തിയും ആവേശവും ലഭിക്കുന്നത് നമസ്കാരത്തിലൂടെയുള്ള ദൈവസാമീപ്യം കൊണ്ടത്രെ. ഇത്രയും ഗൗരവമുള്ള നമസ്കാരത്തിന്റെ കാര്യത്തില്‍ ജാഗ്രത കാണിക്കണമെന്ന് മാത്രമല്ല, അതിന്റെ സംഘടിതവും വ്യവസ്ഥാപിതവുമായ നിര്‍വഹണത്തിലും നിങ്ങള്‍ ജാഗ്രത്തായിരിക്കണമെന്നുമാണ് റസൂലിന്റെ ഉപദേശത്തിന്റെ ഉള്ളടക്കം. 'നമസ്കാരത്തിന്റെ കാര്യത്തില്‍ ജാഗ്രത പാലിക്കുക' എന്ന് ഉപദേശിക്കുക മാത്രമല്ല 'ജനങ്ങള്‍ (പള്ളിയില്‍വെച്ച് ജമാഅത്തായി) നമസ്കരിച്ചോ' എന്ന് റസൂല്‍ ആവര്‍ത്തിച്ച് അന്വേഷിക്കുന്നതും അതുകൊണ്ടാണ്.

മുസ്‌ലിംകളുടെ സംഘബോധം പ്രകടമാകുന്ന, നേതൃത്വത്തിനു കീഴില്‍ അച്ചടക്കവും അനുസരണവുമുള്ള ഒരു ആദര്‍ശ സംഘത്തിലെ അംഗങ്ങളാകാന്‍ സമൂഹത്തെ പരിശീലിപ്പിക്കുന്ന, ഐക്യവും സാഹോദര്യവും വളര്‍ത്തുന്ന, എല്ലാവരും സമന്മാരാണെന്ന ചിന്ത വളര്‍ത്തുന്ന മഹത്തായ കര്‍മമാണ് അഞ്ചു നേരത്തെ സംഘടിത നമസ്കാരം. അതുകൊണ്ടു തന്നെ, വിട്ടുനില്‍ക്കല്‍ അനിവാര്യമല്ലെങ്കില്‍ നിര്‍ബന്ധമായും അഞ്ചുനേരത്തെ നമസ്കാരം പള്ളിയില്‍ വെച്ച് സംഘമായി തന്നെ നിര്‍വഹിക്കണമെന്നാണ് ഇസ്‌ലാം അനുശാസിക്കുന്നത്.

### വിടപറയുന്നു

പ്രവാചകന്റെ അന്ത്യ സമയം ആസന്നമായി. പനിയുടെ കാഠിന്യം കാരണം പ്രവാചകന്റെ സമീപം കുടുംബാംഗങ്ങള്‍ തണുത്ത വെള്ളം നിറച്ച പാത്രം വെച്ചിരുന്നു. ഇടക്കിടെ അതില്‍ കൈമുക്കി നബി(സ) മുഖം തടവിക്കൊണ്ടിരിക്കും. ആഇശ(റ) പറയുന്നു: 'എന്റെ മടിയില്‍ തലവെച്ച് വെള്ളപ്പാത്രത്തില്‍ കൈ മുക്കി മുഖം തടവിക്കൊണ്ട് നബി(സ) പറഞ്ഞുകൊണ്ടിരുന്നു: ലാ ഇലാഹ ഇല്ലല്ലാഹ്, ഇന്ന ലില്‍മൗതി സകറാത്. അല്ലാഹുമ്മ ഹവ്വിന്‍ അലാ മുഹമ്മദിന്‍ സകറാതില്‍ മൗത്' (അല്ലാഹു അല്ലാതെ മറ്റൊരു ഇലാഹുമില്ല. തീര്‍ച്ചയായും മരണത്തിനു വല്ലാത്തൊരു വേദന തന്നെയാണ്. അല്ലാഹുവേ, ഈ മുഹമ്മദിന്റെ മേല്‍ നീ മരണവേദന ലഘൂകരിക്കേണമേ). വേദനകൊണ്ട് പുളയുന്ന പ്രവാചകന്റെ ആവര്‍ത്തിച്ചുള്ള ഈ പ്രാര്‍ഥന കേട്ടതുകൊണ്ടായിരിക്കണം; പില്‍കാല ജീവിതത്തില്‍ ആഇശ(റ) എപ്പോഴും പ്രാര്‍ഥിക്കാറുണ്ടായിരുന്നു: 'അല്ലാഹുവേ, നിശ്ചയം നീ ആത്മാവിനെ പിടിക്കുന്നത് മജ്ജയിലൂടെ, മാംസത്തിലൂടെ, സന്ധികളിലൂടെയാണല്ലോ. അതിനാല്‍ മരണത്തിന്റെ കാര്യത്തില്‍ എന്നെ നീ സഹായിക്കുകയും അതെനിക്ക് ലഘൂകരിച്ച് തരികയും ചെയ്യേണമേ.'

ചുറ്റും കൂടിനില്‍ക്കുന്ന സ്വഹാബികളും കുടുംബാംഗങ്ങളും മുഖത്തോടു മുഖം നോക്കി നിന്നു. അവരുടെ ചുണ്ടുകള്‍ വിതുമ്പി. ഇരു കൈകളും കണ്ണുകളും മേല്‍പോട്ടുയര്‍ത്തി പ്രവാചകന്‍ ഉരുവിട്ടുകൊണ്ടിരുന്നു: 'അല്ലാഹുവേ, നീ അനുഗ്രഹിച്ച പ്രവാചകന്മാര്‍, സത്യവാന്മാര്‍, രക്തസാക്ഷികള്‍, സജ്ജനങ്ങള്‍ എന്നിവരോടൊപ്പം എന്നെയും ചേര്‍ക്കേണമേ.... അല്ലാഹുവേ, എനിക്ക് നീ പൊറുത്തുതരേണമേ. എന്നോട് കരുണ കാണിക്കേണമേ. അത്യുന്നതനായ കൂട്ടുകാരാ നിന്റെ സവിധത്തില്‍...' (ഈ അവസാന വാചകം അവിടുന്ന് ആവര്‍ത്തിച്ച് ഉരുവിട്ടുകൊണ്ടിരുന്നു - ബുഖാരി).

ഹിജ്റ 11-ാം വര്‍ഷം റബീഉല്‍ അവ്വല്‍ 12-ന് തിങ്കളാഴ്ച ലോകത്തിന്റെ ചൈതന്യമായി പിറന്ന, മാനവികതയുടെ മാര്‍ഗദീപമായി ജ്വലിച്ച പ്രവാചകന്‍ ലോകത്തെ മുഴുവന്‍ അനാഥമാക്കിക്കൊണ്ട് വിടപറഞ്ഞു. നബി(സ)ക്ക് അപ്പോള്‍ പ്രായം 63 വയസ്സും 4 ദിവസവുമായിരുന്നു. പ്രവാചകന്റെ വിയോഗ വാര്‍ത്ത പൊടുന്നനെ പരന്നു. വിശ്വസിക്കാനാവാതെ ജനം പകച്ചുനിന്നു. അരുതാത്തതെന്തോ സംഭവിച്ച പോലെ ലോകം ഘനീഭവിച്ചു നിന്നു. അനസ്(റ) പറയുന്നു: 'മുഹമ്മദ്(സ) ഞങ്ങളിലേക്ക് കടന്നുവന്ന ആ ദിവസത്തേക്കാള്‍ സുന്ദരവും പ്രകാശപൂര്‍ണവുമായ ഒരു ദിവസം ഞാന്‍ വേറെ കണ്ടിട്ടില്ല. തിരുമേനി വഫാതായ ദിവസത്തേക്കാള്‍ അന്ധകാര

പൂർണവും അസുന്ദരവുമായ ഒരു ദിവസവും ഞാൻ കണ്ടിട്ടില്ല' (ദാരിമി).

## ഖലീഫയുടെ തെരഞ്ഞെടുപ്പ്

പ്രവാചകന്റെ വിയോഗ വാർത്തയറിഞ്ഞ് അവിടെ ഓടിയെത്തിയ ഉമറി(റ)ന് വിശ്വാസം വന്നില്ല. റസൂൽ(സ) അല്ലാഹുവിലേക്ക് ആരോഹണം ചെയ്തതാണെന്നും തിരിച്ചുവരുമെന്നും അദ്ദേഹം വാദിച്ചു. താമസിയാതെ സ്ഥലത്തെത്തിയ അബൂബക്ർ(റ), സൂറ *ആലു ഇംറാനി*ലെ 144-ാം സൂക്തമുദ്ധരിച്ചു കൊണ്ടു നടത്തിയ പ്രഭാഷണം കേട്ടപ്പോഴാണു അദ്ദേഹത്തിന് കാര്യം പിടികിട്ടിയത്. സഖീഫാ ബനീ സാഇദയിൽ ഒരുമിച്ചു കൂടിയ അൻസ്വാറുകൾ തങ്ങൾക്കിടയിൽനിന്ന് ഒരു നേതാവിനെ തെരഞ്ഞെടുക്കാനുള്ള തയാറെടുപ്പിലായിരുന്നു. അപ്പോഴേക്കും അവിടെയെത്തിച്ചേർന്ന അബൂബക്റും ഉമറും വിഷയത്തിലിടപെട്ടു. നീണ്ട ചർച്ചകൾക്കും അഭിപ്രായ പ്രകടനങ്ങൾക്കും ശേഷം അവിടെ കൂടിയിരുന്നവരൊന്നടങ്കം അബൂബക്ർ(റ)നെ ഖലീഫയായി തെരഞ്ഞെടുത്തു. പിറ്റേ ദിവസം മദീനാ പള്ളിയിൽ വെച്ച് പൊതുവായ ബൈഅത്തും(അനുസരണ പ്രതിജ്ഞ) നടന്നു.

ഈ സമയമത്രയും പ്രവാചകന്റെ മൃതശരീരം അടുത്ത ബന്ധുക്കൾക്ക് മധ്യേ അന്ത്യശ്വാസം വലിച്ച അതേ കട്ടിലിൽ കിടക്കുകയായിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട നേതാവിന്റെ ജനാസ സംസ്കരിക്കുന്നതിനെക്കാൾ അവർ പ്രാധാന്യം നൽകിയത് മുസ്‌ലിംകൾക്ക് അവരുടെ ജീവിതത്തിന്റെ മുഴുവൻ മണ്ഡലങ്ങളിലും നേതൃത്വം നൽകുന്ന ഖലീഫയെ തെരഞ്ഞെടുക്കുന്നതിനായിരുന്നു. ഒരു നേതൃത്വവും ആ നേതൃത്വത്തിനുള്ള ബൈഅത്തുമില്ലാത്ത ഒരവസ്ഥ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം അചിന്ത്യമാണെന്ന് അവർ നല്ലപോലെ മനസ്സിലാക്കിയിരുന്നു. അധികാരമുള്ള ഒരു നേതൃത്വത്തിന്റെ അഭാവത്തിൽ ഇസ്‌ലാമിന്റെ പല നിയമങ്ങളും പൂർണാർഥത്തിൽ പ്രയോഗവൽക്കരിക്കാനാവില്ലല്ലോ. എന്നാൽ ഇക്കാര്യത്തിലും അക്ഷന്തവ്യമായ അപരാധമാണ് ആധുനിക മുസ്‌ലിം സമൂഹം കാണിക്കുന്നത്. ഖിലാഫത്ത് നഷ്ടപ്പെട്ടെന്നു മാത്രമല്ല, നഷ്ടപ്പെട്ട ഖിലാഫത്തിനെ വീണ്ടെടുക്കേണ്ടതുണ്ട് എന്ന ബോധം തന്നെ അവർക്ക് നഷ്ടമായിരിക്കുന്നു. അൽപം കൂടി മുന്നോട്ട് കടന്ന്, അതിനു വേണ്ടിയുള്ള സമാധാനപരമായ പരിശ്രമങ്ങളെ പോലും അപകടകരമായ പ്രവർത്തനമായി വിലയിരുത്തുകയും ചെയ്യുന്നു.

## ഖബ്റടക്കം

അബൂബക്ർ(റ)നുള്ള ബൈഅത്ത് പൂർത്തിയായപ്പോൾ ജനങ്ങൾ പ്രവാചകന്റെ ജനാസ സംസ്കരണത്തിൽ ശ്രദ്ധ പതിപ്പിച്ചു. മൃതദേഹം എവിടെ സംസ്കരിക്കണമെന്ന കാര്യത്തിൽ അവർ ഭിന്നാഭിപ്രായക്കാരായിരുന്നു. അവസാനം, 'എല്ലാ പ്രവാചകന്മാരും മരിച്ചിടത്താണ് സംസ്കരിക്കപ്പെട്ടത്' എന്ന് പ്രവാചകൻ പറയുന്നത് ഞാൻ കേട്ടിട്ടുണ്ടെന്ന അബൂബക്റിന്റെ വാക്കുകളാണ് തർക്കത്തിന് വിരാമമിട്ടത്. അങ്ങനെ പ്രവാചകൻ പ്രാണൻ വെടിഞ്ഞ വിരിപ്പിനു താഴെ തന്നെ ഖബ്ർ കുഴിക്കാൻ തീരുമാനമായി. 'പിൽക്കാലത്ത് ജനങ്ങൾ ആരാധനാ കേന്ദ്രമാക്കുമോ എന്ന ഭയമില്ലായിരുന്നുവെങ്കിൽ പ്രവാചകന്റെ ഖബ്ർ വെളിയിൽ എവിടെയെങ്കിലുമാക്കുമായിരുന്നു' എന്ന് ആഇശ(റ)യിൽനിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട് (ബുഖാരീ).

അലി(റ), അബ്ബാസ്(റ) എന്നിവരുടെ നേതൃത്വത്തിൽ ബന്ധുക്കൾ തന്നെ പ്രവാചകന്റെ മയ്യിത്ത് കുളിപ്പിച്ചു. തുടർന്ന് പ്രവാചകനെ അവസാനമായി ഒരു നോക്ക് കാണാനെത്തിയ മുസ്‌ലിംകൾ ജനാസ നമസ്കരിച്ച് ദുഃഖനിർഭരമായ ഹൃദയത്തോടെ സ്ഥലം വിട്ടുകൊണ്ടിരുന്നു. അവരുടെ ഹൃദയങ്ങൾ സന്തപ്ത വികാരങ്ങളാൽ വിങ്ങിപ്പൊട്ടി. തിരുമേനിക്കു ശേഷം ദൈവിക മതത്തിന്റെ ഭാവിയോർത്ത് അവർ ആശങ്കാകുലരായി. ജനങ്ങൾക്ക് സത്യവും സന്മാർഗവും കാണിച്ചുകൊടുത്ത, മർദിതന് നീതി നേടിക്കൊടുക്കുന്നതിൽ മഹത്തായ മാതൃക കാണിച്ച, ഓരോ പുരുഷനും സ്ത്രീക്കും കുട്ടിക്കും പിതാവായി, സഹോദരനായി, സുഹൃത്തായി നിലകൊണ്ട പ്രവാചകൻ ഖബറടക്കപ്പെടാൻ പോവുകയാണെന്നോർത്തപ്പോൾ അവരുടെ ഹൃദയാന്തരാളങ്ങളിൽ ദുഃഖം നൊമ്പരങ്ങളായി നീറിപ്പടർന്നു.

ജനങ്ങളുടെ സന്ദർശനവും നമസ്കാരവും കഴിഞ്ഞപ്പോൾ, ബന്ധുക്കളുടെ നിർദേശ പ്രകാരം ആഇശ(റ)യുടെ വീട്ടിൽ, പ്രവാചകൻ പ്രാണൻ വെടിഞ്ഞ അതേ സ്ഥലത്ത് അബൂത്വൽഹ(റ) കുഴിച്ച ഖബ്റിൽ പ്രവാചകനെ മറവു ചെയ്തു. വഫാത്തായതിന്റെ രണ്ടാം ദിവസം-റബീഉൽ അവ്വൽ പതിനാലിനു ബുധനാഴ്ച- രാത്രിയാണ് സംസ്കരണ കർമം നടന്നത് (ഇബ്നു ഹിശാം, സീറതുന്നബവിയ്യ).

തിരിച്ചറിയാൻ വേണ്ടി നിലത്തുനിന്ന് അൽപം മാത്രമേ പ്രവാചകന്റെ ഖബ്ർ സ്വഹാബത്ത് ഉയർത്തിയുള്ളൂ. 'അല്ലാഹുവേ, എന്റെ ഖബ്റിനെ ആരാധിക്കപ്പെടുന്ന വിഗ്രഹമാക്കരുതേ' എന്ന അവിടുത്തെ പ്രാർഥനയുടെ ഫലമെന്നോണം ഇന്നും ആ ഖബ്ർ പൂർവാവസ്ഥയിൽ തന്നെ നിലകൊള്ളുന്നു. പിൽക്കാലത്ത് മസ്ജിദുന്നബവിയുടെ വിപുലീകരണവുമായി ബന്ധപ്പെട്ടും അല്ലാതെയും മാറ്റങ്ങൾ വന്നപ്പോഴും അത് പ്രവാചകന്റെ ഖബ്റുൾക്കൊള്ളുന്ന ആഇശ(റ)യുടെ വീടിന്റെ ചുറ്റുമതിലിനും അതിന്റെ മേൽക്കൂരക്കും മാത്രമായിരുന്നു. മേൽക്കൂരയായി ഇന്ന് കാണുന്ന പച്ച ഖുബ്ബ പണിതതു പോലും സ്വഹാബത്തോ താബിഉകളോ അവരുടെ തൊട്ടടുത്ത കാലക്കാരോ അല്ല. ഹിജ്റ പതിനൊന്നാം നൂറ്റാണ്ടിൽ തുർക്കീ ഭരണകാലത്താണ്. പള്ളി വിപുലീകരണവുമായി ബന്ധപ്പെട്ട് പ്രവാചകന്റെ ഖബ്റുൾക്കൊള്ളുന്ന ആഇശ(റ)യുടെ വീട് പള്ളിയിലുൾപ്പെടുത്താൻ വിവിധ കാലങ്ങളിൽ രാജാക്കന്മാരിൽനിന്നും മറ്റും നിർദേശങ്ങളുണ്ടായെങ്കിലും മദീനാ മുനവ്വറയിലെ പണ്ഡിതന്മാർ അതിഷ്ടപ്പെട്ടില്ല. ഖബ്റുകൾ വേറിട്ടു തന്നെ നിൽക്കണമെന്നും അത് പള്ളിയിലാകുന്നത് ശരിയല്ലെന്നുമായിരുന്നു അവരുടെ അഭിപ്രായം. നബിയുടെ ഖബ്ർ ആരാധിക്കപ്പെടാതിരിക്കാൻ ആദർശ പ്രതിബദ്ധതയുള്ള മുസ്‌ലിംകൾ എക്കാലത്തും ബദ്ധശ്രദ്ധരായിരുന്നു എന്ന് ഈ സംഭവം വിളിച്ചോതുന്നു.

## മഹത്തായ പൈതൃകം

ജനങ്ങൾക്കുവേണ്ടി പ്രവാചകൻ ഇവിടെ വിട്ടേച്ചു പോയത് ഇസ്‌ലാം ദീൻ മാത്രമായിരുന്നു. മനുഷ്യരാശിയുടെ പുരോഗതിക്കും വളർച്ചക്കും വേണ്ടി, ഐഹികവും പാരത്രികവുമായ വിജയസൗഭാഗ്യങ്ങൾക്കു വേണ്ടി പ്രപഞ്ചനാഥൻ കനിഞ്ഞേകിയ മഹത്തായ ജീവിത പദ്ധതി. മനുഷ്യ വർഗത്തിന്റെ ആദിപിതാവായ ആദം മുതലുള്ള മുഴുവൻ പ്രവാചകന്മാരും പ്രബോധനം ചെയ്ത ആദർശം. ആ പ്രവാചകൻ ലോകത്തെ വിട്ടുപിരിഞ്ഞെങ്കിലും അദ്ദേഹത്തിന്റെ മഹനീയ കാൽപാടുകൾ നമ്മുടെ മുമ്പിൽ പകൽ വെളിച്ചത്തിലെന്ന പോലെ തെളിമയാർന്ന് കിടക്കുന്നു. ആ കാൽപാടുകൾ പിന്തുടർന്ന് ജീവിക്കലാണ് നമുക്ക് അദ്ദേഹത്തോടുള്ള ബാധ്യതകളിൽ പ്രഥമ പരിഗണനയർഹിക്കുന്നത്. ■

(അവസാനിച്ചു)